പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 24.12.2020

# എസ്എസ്എൽസി, പ്ലസ്ടു പൊതുപരീക്ഷകൾക്കുള്ള മാർഗനിർദ്ദേശങ്ങൾ ആയി

2020–21 അക്കാദമിക് വർഷത്തെ എസ്എസ്എൽസി, പ്ലസ്ടു ക്ലാസുകളിലെ പൊതുപരീക്ഷകൾ 2021 മാർച്ച് 17 ആരംഭിക്കും. കോവിഡ് പശ്ചാത്തലത്തിൽ പരീക്ഷാ നടത്തിപ്പിനും പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും വേണ്ടിയുള്ള പൊതുവായ മാർഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസ മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനമായി. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി ഡയറക്ടർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. യോഗതീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. കോവിഡ് സാഹചര്യത്തിൽ വീഡിയോ മോഡിലൂടെ എല്ലാ പാഠഭാഗങ്ങളും കുട്ടികളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇവ 2021 ജനുവരി 31 നുള്ളിൽ പൂർത്തികരിക്കണം.
2. ജനുവരി 1 മുതൽ 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് രക്ഷിതാക്കളുടെ അനുമതിയോടെ ഷിഫ്റ്റായി സ്കൂളുകളിൽ എത്തിച്ചേരാവുന്നതാണ്. അതിനാവശ്യമായ ക്രമീകരണം ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ അതാത് സ്കൂളിന്റെ സാഹചര്യത്തിനനുസരിച്ച് തയ്യാറാക്കേണ്ടതാണ്.
3. ജനുവരി 1 മുതൽ മാർച്ച് 16 വരെ കുട്ടികൾക്ക് ക്ലാസ്സ്റൂം പഠനത്തിന് അവസരമൊരുക്കണം. ഈ സമയത്ത് ലഭ്യമാകുന്ന ദിവസങ്ങൾ പരിഗണിച്ച് നേരിട്ടുള്ള ക്ലാസ്സ് റൂം അനുഭവത്തിന് ഏതെല്ലാം പാഠഭാഗങ്ങളാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്ന് സ്ക്കൂളുകളെ 2020 ഡിസംബർ 31 നകം അറിയിക്കും. വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ വെബ്സൈറ്റുകളിൽ ഇത് പ്രസിദ്ധീകരിക്കും. ഈ പാഠഭാഗങ്ങൾ അദ്ധ്യാപകർ പൂർണ്ണമായും റിവിഷൻ നടത്തേണ്ടതാണ്.
4. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ആവശ്യാനുസരണം ചോദ്യങ്ങൾ തിരഞ്ഞെടുക്കാനും ഉത്തരമെഴുതാനും അവസരമൊരുക്കുന്നവിധം അധികചോദ്യങ്ങൾ (Choices) ചോദ്യപേപ്പറിൽ ഉൾപ്പെടുത്തുന്നതാണ്.
5. അഭിരുചിക്കനുസരിച്ച് ഉത്തരമെഴുതാൻ അധികമായി ഓപ്ഷൻ അനുവദിക്കുമ്പോൾ ചോദ്യങ്ങളുടെ എണ്ണം വർദ്ധിക്കും. ഇവ വായിച്ചു മനസ്സിലാക്കാൻ കൂടുതൽ സമയം ആവശ്യമായി വരും. അതുകൊണ്ട് സമാശ്വാസ സമയം (Cool of time) വർദ്ധിപ്പിക്കുന്നതായിരിക്കും.
6. ചോദ്യമാതൃകകൾ കുട്ടികൾക്ക് പരിചയപ്പെടാൻ മാതൃകാചോദ്യങ്ങൾ തയ്യാറാക്കി വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ വെബ്സൈറ്റുകളിലൂടെ കുട്ടികൾക്ക് ലഭ്യമാക്കും. മാതൃകാപരീക്ഷ നടത്തും.
7. സ്ക്കൂൾ പ്രവർത്തനങ്ങളെക്കുറിച്ചും പരീക്ഷയെക്കുറിച്ചും കൃത്യമായ ധാരണ രക്ഷിതാക്കളിൽ എത്തിക്കുന്നതിനുവേണ്ടി ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കളുടെ യോഗം സ്ക്കൂളുകൾ വിളിച്ചു ചേർക്കണം. ഈ യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നല്കുന്ന സന്ദേശം രക്ഷിതാക്കൾക്ക് കേൾക്കാൻ അവസരമൊരുക്കേണ്ടതാണ്.
8. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പിന്തുണ ആവശ്യമുള്ളതു കൊണ്ട് ഇതു സംബന്ധമായ പ്രത്യേക മാർഗ്ഗനിർദ്ദേശം നല്കുന്നതാണ്.

9. നിരന്തരവിലയിരുത്തൽ

എ) വിഷയാടിസ്ഥാനത്തിൽ അനുയോജ്യവും ലളിതവുമായ പഠനപ്രവർത്തനങ്ങൾ നല്കുകയും വിലയിരുത്തുകയും വേണം.

ബി) വീഡിയോക്ലാസ്സുകളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങളിലെ പങ്കാളിത്തം, അതിന്റെ ഭാഗമായ പഠനതെളിവുകൾ (ക്ലാസ്സുമായി ബന്ധപ്പെട്ട നോട്ടുകൾ, ഉല്പന്നങ്ങൾ, മറ്റു പ്രകടനങ്ങൾ), യൂണിറ്റ് വിലയിരുത്തലുകൾ (2 എണ്ണം) തുടങ്ങിയ സൂചകങ്ങളും നിരന്തരവിലയിരുത്തലിന്റെ ഭാഗമായ സ്കോറുകൾ നല്കുന്നതിൽ പരിഗണിക്കുന്നതാണ്.

10. എല്ലാ വിഭാഗങ്ങളുടേയും (എസ്എസ്എൽസി, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി) പ്രായോഗിക പരീക്ഷ എഴുത്തുപരീക്ഷക്കുശേഷമാണ് നടത്തേണ്ടത്. ഇത് സംബന്ധിച്ച് വിവിധവിഭാഗങ്ങൾ അവരവരുടെ തനത് പ്രത്യേകതകൾക്കനുസരിച്ച് മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതാണ്. എഴുത്തു പരീക്ഷക്കുശേഷം പ്രായോഗികപരീക്ഷയുടെ തയ്യാറെടുപ്പിനായി ചുരുങ്ങിയത് ഒരാഴ്ച സമയം കുട്ടികൾക്ക് നല്കുന്നതാണ്.

11. എല്ലാ തലങ്ങളിലുമുള്ള യോഗങ്ങൾ വിളിച്ച് മോണിറ്ററിംഗും അക്കാദമിക് പിന്തുണാ സംവിധാനങ്ങളും ഉറപ്പുവരുത്തണം.

DIRECTORATE OF GENERAL EDUCATION ★ Jagathy, Thiruvananthapuram-14 ★

പൊതുവിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം